**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 375** **08-08-2023 - ൽ മറുപടിയ്ക്ക്**

**ശുചിത്വ-മാലിന്യ സംസ്കരണ പദ്ധതി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ എം രാജഗോപാലൻ</td><td colspan="2">ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ശുചിത്വ-മാലിന്യ സംസ്കരണ പദ്ധതികൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇന്നേവരെ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;</td><td>(എ)</td><td>
<table>
<tr><td>ജില്ല</td><td>തുക (കോടിയിൽ)</td></tr>
<tr><td>തിരുവനന്തപുരം</td><td>130.2683</td></tr>
<tr><td>കൊല്ലം</td><td>99.8641</td></tr>
<tr><td>പത്തനംതിട്ട</td><td>36.0228</td></tr>
<tr><td>ആലപ്പുഴ</td><td>93.88</td></tr>
<tr><td>കോട്ടയം</td><td>74.34</td></tr>
<tr><td>ഇടുക്കി</td><td>47.14</td></tr>
<tr><td>എറണാകുളം</td><td>143.81</td></tr>
<tr><td>തൃശ്ശൂർ</td><td>145.73</td></tr>
<tr><td>പാലക്കാട്</td><td>101.61</td></tr>
<tr><td>മലപ്പുറം</td><td>136.10</td></tr>
<tr><td>കോഴിക്കോട്</td><td>110.38</td></tr>
<tr><td>വയനാട്</td><td>37.10</td></tr>
<tr><td>കണ്ണൂർ</td><td>113.80</td></tr>
<tr><td>കാസർഗോഡ്</td><td>50.44</td></tr>
<tr><td>ആകെ</td><td>1320.55</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>ശുചിത്വത്തോടൊപ്പം ശുദ്ധജല സംരക്ഷണം മുൻനിർത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്തൊക്കെ പരിപാടികളാണ് സംഘടിപ്പിച്ച് വരുന്നതെന്ന് അറിയിക്കാമോ?</td><td>(ബി)</td><td>തെളിനീരൊഴുകും നവ കേരളം, മാലിന്യ മുക്ത നവകേരളം, മഴക്കുഴി നിർമ്മാണം, അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി STP കളുടെ നിർമ്മാണം, ശാസ്ത്രീയമായ സെപ്റ്റിക് ടാങ്ക് നിർമ്മാണം (റിട്രോഫിറ്റിംഗ്), തോടുകളുടെയും കനാലുകളുടെയും സംരക്ഷണം, മഴ വെള്ളം ഒഴുകിപ്പോകുന്നതിന് ഡ്രയിനേജ് നിർമ്മാണം / മെയിന്റനൻസ്, പൊതുസ്ഥലങ്ങളിൽ ശൗചാലയം, ടേക്ക് എ ബ്രേക്ക് പദ്ധതികൾ, കുളങ്ങൾ, തോടുകൾ എന്നിവയുടെ ശുചീകരണം, പൊതുകിണർ നവീകരണം , ജലസ്രോതസ്സുകളുടെ സംരക്ഷണം, കിണർ</td></tr>
</table>

| | | | |
|---|---|---|---|
| | | | റീചർജ്ജിംഗ്, തൊഴിലുറപ്പ് പദ്ധതികളിലൂടെ ഗ്രാമങ്ങളിലും നഗരങ്ങളിലും മഴക്കുഴി നിർമ്മാണം, സോക്ക് പിറ്റുകൾ സ്ഥാപിക്കൽ, മലിനജലം പുറത്തേക്ക് ഒഴുക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി തടയുന്നതിനുള്ള നടപടികൾ, ഖരമാലിന്യം പൊതു ഇടങ്ങളിലും ജലസ്രോതസ്സുകളിലും എത്തുന്നത് തടയുന്നതിനായി എല്ലാ വീട്ടുകളിലും ഹരിതകർമ്മസേന മുഖാന്തിരമുള്ള വാതിൽപ്പടി സേവനം 100% ലേക്കെത്തിക്കുക, കാലങ്ങളായി രൂപാന്തരപ്പെട്ട ലെഗസി മാലിന്യം ശാസ്ത്രീയമായ രീതിയിൽ ബയോ മൈനിംഗ് മുഖാന്തിരം വീണ്ടെടുക്കുന്ന പദ്ധതികളിലൂടെ ഇത്തരം പ്രദേശങ്ങൾ വീണ്ടെടുക്കുന്നതോടൊപ്പം ഭൂഗർഭജലം സംരക്ഷിക്കുക, വൃക്ഷത്തൈ നട്ട് പരിപാലിക്കുക (പച്ചത്തുരുത്ത് പദ്ധതി), വാട്ടർ ഷെഡ് മാനേജ്മെന്റ് പദ്ധതികൾ (കാട്ടാക്കട മോഡൽ) കുളങ്ങൾക്കും കാനാലുകൾക്കും കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ശുചിത്വതോടൊപ്പം, ജല സംരക്ഷണം മുൻനിർത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ